(ജി) രോഗം ഭേദമായിട്ടും ആശുപത്രിയിൽ നിന്നും തിരികെ പോകാത്തവരെ പുനരധിവസിപ്പിക്കുവാനുള്ള നടപടികൾ പരിശോധിച്ചു വരികയാണ്. ലളിതമായ കൈതൊഴിലുകൾ പരിശീലിപ്പിക്കുന്നത് വഴി രോഗം ഭേദമായവരെ പുനരധിവസിപ്പിക്കുവാൻ ഒരു പരിധിവരെ സഹായിക്കുന്നതാണ്.

ഉദാ:- മെഴുകുതിരി ഉണ്ടാക്കുന്ന ജോലി, തുന്നൽ പരിശീലനം.

ഡോക്ടർമാരുടെ ശമ്പള പരിഷ്ക്കരണം.

28 (*617) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിലുള്ള ഡോക്ടർമാരുടെ ശമ്പളം പരിഷ്കരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു ;

(സി) സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണ സമിതി മെഡിക്കൽ കോളേജ് അദ്ധ്യാപകർക്ക് എ. ഐ. സി. ടി. ഇ. സ്കെയിൽ ബാധകമാക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ശുപാർശ അംഗീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ;

(ഇ) ഇപ്പോൾ ഡോക്ടർമാർക്ക് നിലവിലുള്ള ശമ്പള സ്കെയിലിന്റെ വിശദാംശം അറിയിക്കുമോ ;

(എഫ്) 1996-ൽ എ.ഐ.സി.സി. ഇ. സ്ക്കെയിൽ ബാധകമായിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ ; എങ്കിൽ കോപ്പി ലഭ്യമാക്കാമോ ;

(ജി) ഇപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും നടപ്പിലാക്കാതിരിക്കയും ചെയ്തിട്ടുണ്ടോ ; എങ്കിൽ കാരണം അറിയിക്കുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ & ബി) ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സർജൻമാരുടെയും ആരോഗ്യ വകുപ്പ് ഡയറക്ടറുടേയും ശമ്പളവും ഡോക്ടർമാരുടെ മറ്റലവൻസുകളും വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിരുന്നു. ഇതേതുടർന്ന് അവരുടെ സംഘടനയുമായി സർക്കാർ ചർച്ച നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ശമ്പളവും മറ്റ് അലവൻസുകളും പുതുക്കി നിശ്ചയിച്ചുകൊണ്ട് 12-7-1999-ലെ ജി. ഒ.(പി) 1562/99/(27)ഫിൻ പ്രകാരവും, 14-3-2000-ലെ ജി. ഒ. (എം. എസ്) 603/2000/(61)/ഫിൻ പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാരുടെ ശമ്പള പരിഷ്കരണം ആവശ്യപ്പെട്ടുകൊണ്ടും നിവേദനം ലഭിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാരുടെ നിലവിലുള്ള ശമ്പള സ്കെയിലിന്റെ നിരക്കുകൾ താഴെ കൊടുത്തിരിക്കുന്നു.

	തസ്തിക	നിരക്ക്
1.	ലക്ചറർ	രൂപ. 2200-75-2800 -100-4000
2.	അസിസ്റ്റന്റ് പ്രൊഫസർ	രൂപ 3000-100-3500-125-5000
3.	അസോസിയേറ്റ് പ്രൊഫസർ	രൂപ 3700-125-4950-150-5700
4.	പ്രൊഫസർ	രൂപ 4500-150-5700-200-7300
5.	പ്രിൻസിപ്പൽ	രൂപ 4800-150-5700-200-7300
6.	ജോയിന്റ് ഡയറക്ടർ ഒഫ് മെഡിക്കൽ എഡ്യൂക്കേഷൻ	രൂപ 4800-150-5700-200-7300
7.	ഡി. എം. ഇ.	രൂപ 5100-150-5700-200-7300

(എഫ് & ജി) 1996-ൽ എ.ഐ.സി.സി.ഇ. സ്കെയിൽ ബാധകമാക്കികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ 1-1-1996 മുതൽ എ.ഐ.സി.റ്റിഇ. സ്കെയിൽ നടപ്പിലാക്കാമെന്നു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്തു കൊണ്ടിരിക്കുകയാണ്.

മൈനർ പോർട്ടുകളുടെ വികസനം സ്വാകര്യ ഏജൻസികൾക്ക് നൽകിയ നടപടി

29(*618) ശ്രീ. കെ. അച്ചുതൻ :
ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ബിൽഡ്', ഓപ്പറേറ്റർ ആന്റ് ട്രാൻസ്ഫർ, തത്വമനുസരിച്ച് സംസ്ഥാനത്തുള്ള എത്തെല്ലാം മൈനർ പോർട്ടുകളുടെ വികസനം സ്വകാര്യ ഏജൻസികൾക്ക് നല്കിയിട്ടുണ്ട് ;

(ബി) ആർക്കെല്ലാമാണ് ഇവ നൽകിയിട്ടുള്ളത് ;

(സി) എന്തെല്ലാം വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ഇവ സ്വകാര്യ മേഖലയ്ക്ക് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ & ബി) ബിൽഡ്, ഓപ്പറേറ്റ് ആന്റ് ട്രാൻസ്ഫർ തത്വമനുസരിച്ച് സംസ്ഥാനത്തുള്ള മൈനർ പോർട്ടുകളായ ബേപ്പൂർ (കോഴിക്കോട്), മൊബീൽ ഫീ വിസ് കമ്പനി ലിമിറ്റഡ്, ചെന്നൈയ്ക്കും, മുനമ്പ് (കൊടുങ്ങല്ലൂർ) രാഷ്ട്ര സിമന്റ്സ് ലിമിറ്റഡ്, മുബൈയ്ക്കും, വിഴിഞ്ഞം കുമാർ എനർജി കോർപ്പറേഷൻ ലിമിറ്റഡ് സെക്കന്തരാബാദിനുമാണ് നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly